"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലയിലെ പെരുനാട് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി റാന്നി താലൂക്കിൽ പെരുനാട് വില്ലേജിൽ സർവ്വേ നമ്പർ 769/13-ൽ ഉൾപ്പെട്ട റാന്നി - പെരുനാട് ഗ്രാമപഞ്ചായത്ത് വക 37.74 ആർ സ്ഥലത്തിൽ നിന്നും 6.07 ആർ സ്ഥലം വിട്ടുനൽകുന്നതിന് റാന്നി - പെരുനാട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.193/2022/LSGD തീയതി,തിരുവനന്തപുരം, 22-08-2022

---

പരാമർശം:-

1. റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03-12-2021 ലെ 1/1 നമ്പർ തീരുമാനം.
2. പഞ്ചായത്ത് ഡയറക്ടറുടെ 07/02/2022, 10/06/2022 തീയതികളിലെ PAN/545/2022-C7 നമ്പർ കത്തുകൾ.
3. റാന്നി - പെരുനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07/03/2022 ലെ എ2-30/22 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ പെരുനാട് പോലീസ് സ്റ്റേഷൻ നിലവിൽ പ്രവർത്തിച്ചുവരുന്ന കെട്ടിടം യാതൊരുവിധ അടിസ്ഥാന സൗകര്യങ്ങളും ഇല്ലാത്തതാണെന്നും ആയതിനാൽ പെരുനാട് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ വസ്തു കണ്ടെത്തി നൽകണമെന്നാവശ്യപ്പെട്ട് പെരുനാട് സബ് ഇൻസ്പെക്ടർ 25/11/202 ൽ റാന്നി - പെരുനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ നൽകുകയുണ്ടായി.

ടി വിഷയം റാന്നി - പെരുനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി ചർച്ച ചെയ്യുകയും റാന്നി താലൂക്കിൽ പെരുനാട് വില്ലേജിൽ 769/13 സർവ്വേ നമ്പരിൽ ഉൾപ്പെട്ട റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് വക 37.74 ആർ സ്ഥലത്തിൽ നിന്നും 6.07 ആർ (15 സെന്റ്) സ്ഥലം പെരുനാട് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി കൈമാറുന്നതിന് പരാമർശം (1) പ്രകാരം തീരുമാനമെടുക്കുകയും ചെയ്തു.

റാന്നി താലൂക്കിൽ പെരുനാട് വില്ലേജിൽ സർവ്വേ നമ്പർ 769/13 ൾ ഉൾപ്പെട്ട 90 സെന്റ് സ്ഥലം പഞ്ചായത്ത് വക പുറമ്പോക്കിൽ ഉൾപ്പെടുത്തി രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളതായും ആയതിനാൽ പ്രസ്തുത ഭൂമിയിൽ നിന്നും 15 സെന്റ് സ്ഥലം പെരുനാട് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി കൈമാറുന്നതിന് അനുമതി നൽകാവുന്നതാണെന്ന് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരുനാട് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി റാന്നി - പെരുനാട് ഗ്രാമപഞ്ചായത്ത് കൈമാറാൻ ഉദ്ദേശിക്കുന്ന

സ്ഥലം 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ 3-ാം ചട്ടത്തിലെ (1)-ാം ഉപചട്ടപ്രകാരം ഗ്രാമപഞ്ചായത്ത് ആർജ്ജിച്ചതാണ്. ആയതിനാൽ പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസരിച്ച് റാന്നി താലൂക്കിൽ പെരുനാട് വില്ലേജിൽ 769/13 സർവ്വേ നമ്പരിൽ ഉൾപ്പെട്ട റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് വക 37.74 ആർ സ്ഥലത്തിൽ നിന്നും 6.07 ആർ (15 സെന്റ്) സ്ഥലം പെരുനാട് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി വിട്ടുനൽകുന്നതിന് റാന്നി - പെരുനാട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.ഒന്നിലധികം നിലകളോട് കൂടിയ കെട്ടിടം നിർമ്മിക്കേണ്ട സാഹചര്യം ഉണ്ടായാൽ Soil Investigation റിപ്പോർട്ട് തേടേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJEEVAN A P

ഡെപ്യൂട്ടിസെക്രട്ടറി

1. സെക്രട്ടറി, റാന്നി - പെരുനാട് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
4. സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I / ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
6. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. ഐ & പി. ആർ വെബ് ന്യൂ മീഡിയ.
9. ആഭ്യന്തര (ഇ) വകുപ്പ്.
10. റവന്യൂ (എ) വകുപ്പ് (05/07/2022 ലെ എ5/32/2022/ആർഡി പ്രകാരം)
11. തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്.
12. കരുതൽ ശേഖരം / ഓഫീസ് പകർപ്പ് (ആർസി4/20/2022/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ